
അക്കാദമിക
മാസ്റ്റർ പ്ലാൻ
2025-26
G.L.P.S KAIRADY

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയപഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിൽ ഉള്ള വൈകാരിക - സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

അതിരുകൾ:-

കിഴക്ക് : പോൾ വക സ്ഥലം

പടിഞ്ഞാറ് : പി.ഡബ്ല്യൂ.ഡി. റോഡ്

തെക്ക് : രാമകൃഷ്ണൻ വകസ്ഥലം

വടക്ക് : പോൾ വകസ്ഥലം

ഫീഡിംഗ് ഏരിയ

കയറാടി, പറയംപള്ളം, ആലമ്പള്ളം, മരുതഞ്ചേരി, പൂഞ്ചേരി, നടുപ്പതി പാറക്കാൽ, അടിപ്പെരണ്ട, അടിപ്പെരണ്ടതറ, പയ്യാങ്കോട്, മാങ്കുറുശ്ശി, കൈതച്ചിറ് തെങ്ങുംപാടം, ഒലിപ്പാറ, പട്ടുകാട്, കരിമ്പാറ

ഫീഡിംഗ് സ്കൂളുകൾ- ഇല്ല

1.2. വിദ്യാലയ ചരിത്രസംക്ഷിപ്തം

സ്ഥാപിച്ച വർഷം - 1950

കൊല്ലവർഷം 1105-06, ഇംഗ്ലീഷ് വർഷം 1929-30 വർഷം മുതൽ അടിപ്പെരണ്ട തറയിലും, കയറാടി മദ്രസ നിൽക്കുന്ന സ്ഥലത്തും ഓരോ സ്വകാര്യ മാനേജ്മെന്റ് സ്കൂളുകൾ പ്രവർത്തിച്ചു വന്നിരുന്നു. ഇവിടെ ഒരു സർക്കാർ സ്കൂൾ അനുവദിച്ചു കിട്ടണമെന്ന ജനങ്ങളുടെ ആവശ്യം പരിഗണിച്ച് മറ്റ് രണ്ട് സ്വകാര്യ സ്കൂളുകളും ലയിപ്പിച്ചുകൊണ്ട് നടുപ്പതി എന്ന സ്ഥലത്ത് 1950ൽ കയറാടി സ്റ്റാഫ് മാനേജ്മെൻറ് എയ്ഡഡ് എൽ.പി.സ്കൂൾ അനുവദിച്ചു.

ടി സ്കൂൾ കെട്ടിടം തിരു- കൊച്ചി സംസ്ഥാനം വക നിർമ്മിച്ചതാണ്. ആയത് ഈ സ്കൂളിലെ അധ്യാപകർക്ക് സ്കൂൾ നടത്തുവാൻ പ്രതിമാസം 3 രൂപ വാടകയ്ക്ക് നല്കുകയാണ് ചെയ്തത്. 1950-ാം മാണ്ട് സെപ്തംബർ മാസം 11ന് തിരുവിതാംകൂർ - കൊച്ചി സംസ്ഥാനത്തിലെ രാജ പ്രമുഖൻ തിരുമനസ്സിനുവേണ്ടി ചീഫ് സെക്രട്ടറി ഗോവിന്ദമേനോനും ടി സ്കൂളിലെ ഹെഡ്മാസ്റ്റർ 1. ശ്രീധരനുട്ടി കർത്താവ് ടി സ്കൂളിലെ അധ്യാപകരായ 2. ചാമുക്കുട്ടി മേനോൻ 3. നാരായനുണ്ണി കർത്താ 4. സോമസുന്ദരൻപിള്ള 5. കാതർ

റാവുത്തർ എന്നിവരും കൂടി എഴുതി ഒപ്പിട്ട കച്ചീട്ടിൻ പ്രകാരമാണ് ഈ സ്ഥലത്ത് സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയത്.

ചിറ്റൂർ താലൂക്ക് തിരുവഴിയാട് വില്ലേജ് നടുപ്പതിയിൽ സർവ്വേ നമ്പർ 1040/30, 596 എന്നി സർവ്വേ നമ്പറുകളിലായി 21 സെൻറ് സ്ഥലവും അതിൽ 8 ക്ലാസ്സ് മുറികൾ ഉള്ള ഓട് മേഞ്ഞ കെട്ടിടം ആൾമറയുള്ള കിണർ, രണ്ട് മൂത്രപ്പുര ഓട് മേഞ്ഞ ഒരു കക്കൂസ് എന്നിവ ഉൾപ്പെട്ടതായിരുന്നു സ്കൂൾ. ജനങ്ങളുടെ ആവശ്യപ്രകാരം, 24-0-85ന് സ്കൂൾ ഏറ്റെടുക്കുവാൻ ബഹു:കേരള ഹൈക്കോടതി ആവശ്യപ്പെടുകയും പാലക്കാട് ജില്ലാ കളക്ടർ 8-7-85 ന് സ്കൂൾ ഏറ്റെടുത്തു. തുടർന്ന് 7-4-90ൽ പ്രസ്തുത സ്കൂൾ ഗവ. സ്കൂളാക്കി വിജ്ഞാപനമിറക്കുകയും ഉണ്ടായി.

1996 ൽ ശ്രീ.വി.എസ് വിജയരാഘവൻ എം.പിയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പണിത 4 ക്ലാസ്സ് മുറികളോടു കൂടിയ കെട്ടിടവും 2003ൽ ശ്രീ.എൻ.എൻ കൃഷ്ണദാസ് എം.പിയുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ച് പണിത 2 ക്ലാസ്മുറികളും ഒരു സ്റ്റോർ മുറിയും 2003ൽ അയിലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും നിർമ്മിച്ചു നല്കിയ പാചകപ്പുരയും ഈ സ്കൂളിൽ അധികമായി പിന്നീട് ലഭിച്ചവയാണ്. സ്കൂളിൻ്റെ മുൻവശത്തും, വടക്കുവശത്തും, കിഴക്കു വശത്തും ചുറ്റുമതിലും മുൻവശത്ത് ഒരു ഗേറ്റും നിർമ്മിച്ചിട്ടുണ്ട്.

സാമൂഹ്യമായും, സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുകയും കൃഷി ഉപജീവനമായി സ്വീകരിക്കുകയും ചെയ്ത ഒരു ജനതയാണ് ഇവിടെ നിവസിക്കുന്നത്. കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ നടത്തുവാൻ മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാലാണ് ഇവിടെ സ്കൂൾ അനുവദിക്കണമെന്ന ആവശ്യം ശക്തമായും അങ്ങനെ സ്കൂൾ അനുവദിച്ചു കിട്ടുകയും ചെയ്തത്. എല്ലാ മതവിഭാഗത്തിലുംപ്പെട്ട കുട്ടികൾ അന്ന് ഇവിടെ വിദ്യാഭ്യാസം നടത്തിയിരുന്നു.

### 1.3. മുൻകാല പദ്ധതി വിലയിരുത്തൽ

കഴിഞ്ഞ ഒരു വർഷം കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും കലാകായിക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പല കർമ്മ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

# നൂതനാശയ പ്രവർത്തനം

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരൻ ആക്കുക

പ്രവർത്തനങ്ങൾ:

June -
മലയാളത്തിളക്കം

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു
ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു
അക്ഷര കാർഡ്

July-

വാക്കുകൾ എഴുതിയ കാർഡ് വാക്കുകളിലൂടെ വാക്യങ്ങൾ നിർമ്മിക്കൽ

August-

ചിത്രം അടിക്കുറിപ്പ് പറയിക്കൽ കഥ പറയിക്കൽ

September-

ചെറിയ കഥാപുസ്തകം നൽകി കഥ വായിപ്പിക്കൽ
ലഘു കുറിപ്പ് തയ്യാറാക്കൽ

October-

സിഡി പ്രദർശനം ചിത്രങ്ങളെ കുറിച്ച് പറയിക്കുന്നു എഴുതാനുള്ള അവസരം ഒരുക്കുന്നു

November-

വായനക്കൂട്ടം രൂപീകരിക്കൽ 3 പേർ അടങ്ങുന്ന ഗ്രൂപ്പ്
പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കൽ

December-

ക്ലാസ് ലൈബ്രറി സജ്ജീകരണം വായനോത്സവം

January-

പുസ്തക ചർച്ച
വായനാനുഭവം പങ്കുവെക്കൽ

February-

വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് ശേഖരിക്കുന്നു
ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു

March-

പതിപ്പ് പ്രകാശനം

# NAS/SAS

കുട്ടികളുടെ സ്റ്റാൻഡേർഡ് 3 പഠന പുരോഗതിയും പഠനശേഷിയും വിലയിരുത്തുക . അതുവഴി വിവിധതലത്തിൽ പരിഹാരബോധന നടപടികൾ സ്വീകരിക്കുക എന്നതാണ് ഇതിൻറെ ലക്ഷ്യം. മലയാളം ഗണിതം പരിസര പഠനം എന്നീ വിഷയങ്ങളെ ലക്ഷ്യമാക്കി മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യനാണ് നൽകുന്നത് . കുട്ടികളെ സജ്ജരാക്കാൻ എല്ലാ ആഴ്ചയും അഞ്ചു മുതൽ 10 വരെ ചോദ്യങ്ങൾ പരിശീലിപ്പിക്കും. ഇതിനായി ഓരോ ആഴ്ചയിലും മോഡൽ ടെസ്റ്റ് നടത്തും. വിവരണാത്മക ചോദ്യങ്ങൾക്ക് OMR Sheet. ൽ ഉത്തരം രേഖപ്പെടുത്തുന്നത് മൂലം ഭാവിയിലെ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കാൻ കഴിയും.

# LSS

പൊതുവിദ്യാലയങ്ങളിൽ നാലാം ക്ലാസ്സിൽ നടത്തപ്പെടുന്ന ഒരു പ്രധാന മത്സരപരീക്ഷയാണ് എൽഎസ്എസ് മികവുള്ള കുട്ടികൾക്ക് സ്വയം തിരിച്ചറിയാനും മെച്ചപ്പെടുത്താനുമുള്ള ഒരു പരീക്ഷയാണ് ഇത് നിശ്ചിത യോഗ്യതയുള്ള കുട്ടികൾക്ക് മാത്രമേ ഇതിൽ പങ്കെടുക്കാൻ കഴിയുള്ളൂ ഓരോ വിഷയങ്ങളിലും പാഠഭാഗത്തിലെ ഓരോ വിഷയങ്ങളിലും പാഠഭാഗത്തിലെ പ്രവർത്തനത്തിന് പുറമേ അധിക പ്രവർത്തനങ്ങൾ നൽകുക ജികെ ക്വസ്റ്റ്യൻസ് പ്രാധാന്യം നൽകുക രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എൽഎസ്എസ് പഠനത്തിനായി 8:30- 9:30 വരെ പ്രത്യേക പരിശീലനം നൽകുക എക്സ്പെർട്ട് ടീച്ചേഴ്സിന്റെ ക്ലാസ് പ്രയോജനപ്പെടുത്തുക.

# നിരന്തര വിലയിരുത്തൽ

പഠനപ്രക്രിയയുടെ ഭാഗമായി തുടർച്ചയായി നടക്കുന്ന ഒരു പ്രക്രിയയാണ് നിരന്തര വിലയിരുത്തൽ ഇതിൽ പഠിതാവിന്റെ അറിവ് കഴിവുകൾ മനോഭാവം വിലയിരുത്തപ്പെടുന്നു.

## വിവിധ രീതിയിലുള്ള വിലയിരുത്തലുകൾ:

പരീക്ഷകൾ:- വാചിക പരീക്ഷ, യൂണിറ്റ് ടെസ്റ്റ്, ക്ലാസ് ടെസ്റ്റ്,പ്രോജക്ട്, അഭിമുഖം, പോർട്ട്ഫോളിയോ, ക്വിസ്.

## പ്രധാന ലക്ഷ്യങ്ങൾ:-

പഠിതാക്കളുടെ വളർച്ചയെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിക്കുക
അവരുടെ പോരായ്മകൾ മനസ്സിലാക്കി അവരെ മെച്ചപ്പെടുത്താൻ സഹായിക്കുക
അധ്യാപകർക്ക് പഠന രീതികൾ മെച്ചപ്പെടുത്താനും വ്യക്തിഗത ശ്രദ്ധ നൽകാനും ഇത് സഹായിക്കുന്നു
പഠനത്തിൽ ശ്രദ്ധയും താല്പര്യവും ഉണ്ടാക്കാൻ സഹായിക്കും

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം

ലക്ഷ്യം :-

ഭാഷാപരമായ പിന്നോക്കാവസ്ഥപരിഹരിക്കുന്നതിന്.

മേഖല : വായന,ലേഖനം

പ്രവർത്തനങ്ങൾ

- കുട്ടികളുടെ നിലവാരം അറിയുന്നതിനുവേണ്ടി പ്രീ - ടെസ്റ്റ്
- അക്ഷരം ഉറപ്പിക്കൽ.
- അടയാളം ഉറപ്പിക്കൽ (ചിഹ്നങ്ങൾ, ആഭരണങ്ങൾ അണിയിക്കൽ)
- അക്ഷരക്കാർഡ് നൽകൽ, ചിഹ്നങ്ങൾ അടങ്ങിയ കാർഡ്.
- വാക്കുകൾ എഴുതിയ കാർഡ്.
- വാക്യങ്ങൾ നിർമ്മിക്കൽ.
- ചിത്രം നൽകി അടിക്കുറിപ്പ്, കഥ, കവിത ബാക്കി ഭാഗം പൂരിപ്പിക്കുക.
- വലിയ അക്ഷരമുള്ള കഥാപുസ്തകം നൽകൽ.
- വായനാക്കൂട്ടം
- അമ്മവായന.
- പത്രവായന.
- സമീപത്തുള്ള ഗ്രന്ഥശാലയിൽ മെമ്പർഷിപ്പ് എടുക്കുക.
- വിദ്യാരംഗം, സർഗ്ഗവേള, ബാലസഭ എന്നിവ സ്കൂളിൽ നടത്തുന്നു.
- സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.
- കഥയരങ്ങ്.

## Project - Malayalam

### ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ച വായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒ രു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം. 2025-26 അധ്യയന വർഷം Ayiloor panchayat , PTA, MPTA, Teachers Alumni യുടെയും സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു പ്രോജക്ട്

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കു
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

**പ്രവർത്തനങ്ങൾ**

1. മലയാളത്തിളക്കം (Pre-test) **04-06-2025**

   പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തി
2. അക്ഷരം ഉറപ്പിക്കൽ (1 month)

   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു
3. അടയാളങ്ങൾ ഉറപ്പിക്കൽ

   ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. <u>അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്</u>

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. <u>ചിത്രം - അടിക്കുറിപ്പ്</u>

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. <u>കഥ - ബാക്കി പറയൽ - എഴുതൽ</u>

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു

7. <u>കഥാപുസ്തകം - നൽകൽ</u>

വായന, കുറിപ്പ് തയ്യാറാക്കൽ

8. <u>CD പ്രദർശനം</u>

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം

9. <u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ</u>

ഭിന്നശേഷിക്കാർക്കായി പ്രത്യേക പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം

10. <u>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ</u>

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. ഏത് പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബുള്ളറ്റിൻ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. <u>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ</u>

കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം

12. <u>സ്കൂൾ ലൈബ്രറി നവീകരണം</u>

സ്കൂൾ ലൈബ്രറി നവീകരണം: പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടുകളായുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം.

13. <u>സമീപ ഗ്രന്ഥശാല അംഗത്വം</u>

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം

14. <u>വായനോത്സവം സംഘടിപ്പിക്കൽ</u>

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വന്തം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്കാരം (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. <u>പത്രവായന</u>

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന - എഴുത്ത്. പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. <u>അമ്മ വായന</u>

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം - വായനാമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശില്പശാല

17. <u>പുസ്തകചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ</u>

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വന്തം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.

18. <u>വായനാക്കുറിപ്പ്</u>

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. <u>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം</u>

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം. പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ. സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. <u>ക്ലാസ്, സ്കൂൾ മാസികകൾ</u>

ഓരോ ക്ലാസിലും സ്കൂളിലും മാസിക രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. വിദ്യാലയത്തിന് പുറത്ത് മാസികകൾ രൂപീകരിക്കൽ. പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

21. <u>ദിനാചരണങ്ങൾ</u>

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. <u>ആകാശവാണി ക്ലബ്ബ്</u>

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം.

23. <u>സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം</u>

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. <u>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും</u>

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത. വായന പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

| Sl.No | Programme | Activity | Duration | ഭൗതികം |
|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. Pre-test 04-06-2025<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 1 month | പുസ്തകങ്ങൾ<br>C.D |

| Sl.No | Programme | Activity | Duration | ഭൗതികം |
|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ | 3 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി |

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്പഷ്ടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | വായിക്കാം, എഴുതാം , വായിക്കാം. | ❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>❖ നിശബ്ദ വായന.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ നിശബ്ദ വായന.<br>❖ ഉച്ചത്തിൽ വായന<br>❖ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | വായിക്കാം, എഴുതാം , വായിക്കാം.<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ആശയം പറയാം | ❖ കുട്ടിക്ക് കഥ പുസ്തകം/വായനാ കാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന.<br>❖ വായിച്ചറിഞ്ഞ ആശയം പറയൽ.<br>❖ ആവശ്യമെങ്കിൽ ആവർത്തനവായന.<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ |
| | ആശയം പറയാം<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ |

| | | | |
|---|---|---|---|
| | വായിക്കാം കൂട്ടുകാരെ | ❖ കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ കൂട്ടുകാർക്ക് മുന്നിൽ ആശയവ്യക്തതയുള്ള ഉച്ചത്തിൽ വായന. | ജൂൺ -ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ -ജൂലൈ |
| | വായിക്കാം.. അഭിപ്രായം പറയാം | ❖ കുട്ടികൾക്ക് കഥ കാർഡ് നൽകുന്നു.<br>❖ വായിച്ച് ആസ്വദിക്കാൻ അവസരം നൽകുന്നു.<br>❖ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു. | ജൂൺ - ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ❖ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>❖ ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>❖ പുസ്തക വിതരണം<br>❖ വായന, വായനാനുഭവം പങ്കുവെയ്ക്കൽ | ജൂൺ - ഡിസംബർ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറയാനും എഴുതാനും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം | ❖ കുട്ടികൾക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>❖ കുട്ടി കണ്ട കഥ സ്വന്തം എഴുതാൻ അവസരം.<br>❖ കഥ സ്വയം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച |

| | | | |
|---|---|---|---|
| | കഥ കാണാം, എഴുതാം ഇടർപ്രവർത്തനം | ❖ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>❖ ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>❖ വിവരണം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച |
| | എന്തെല്ലാം കാഴ്ചകൾ | ❖ കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് തയ്യാറാക്കാൻ അവസരം.<br>❖ എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു. | 2 ആഴ്ച |
| | കവിത പൂർത്തിയാക്കാം പാടി അവതരിപ്പിക്കാം | ◆ കവിത പൂർത്തിയാക്കാൻ അവസരം.<br>◆ കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>◆ കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.<br>ഉദാ:<br>[illegible]<br>[illegible]<br>[illegible]<br>[illegible]<br>[illegible]<br>[illegible]<br>[illegible] | ജൂൺ - സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | ........................<br>........................<br>........................<br>........................<br>❖ കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടിക്കേൾപ്പിക്കുന്നു.<br>❖ കവിത പാടുന്നതിന്റെ ഓഡിയോ/വീഡിയോ അയക്കുന്നു. | |
| | സർഗാത്മക രചന | ❖ കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>❖ കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/ നിർദേശങ്ങൾ നൽകുന്നു.<br>❖ കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>❖ കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ - ഒക്ടോബർ |
| | ക്ലാസ് റൂം ലൈബ്രറി | ❖ വായനക്കുറിപ്പ് | ഓഗസ്റ്റ് - മാർച്ച് |

# ഗണിതം

## ലക്ഷ്യം

- ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിത വിജയം, ഉല്ലാസ ഗണിതം നടപ്പാക്കുക

ഗണിതപഠനം ലളിതവും രസകരവുമാക്കുക

വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക

I C T സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു

രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പ് വരുത്തുന്നു

ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു

സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു. ഗുണനപട്ടിക ഉപയോഗം തിരിച്ചറിയുന്നു

ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു

പ്രശ്നപരിഹാരം, പ്രായോഗിക
പ്രശ്നപരിഹാരത്തിന് മുൻഗണന

ദൈനംദിന ജീവിതപ്രശ്നങ്ങൾ
പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം ,
ഗുണനം, ഹരണം എന്നിവ
സഹായകമാകുന്നുവെന്ന് കുട്ടികൾ
തിരിച്ചറിയുന്നു

വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി
അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള
കഴിവ് കുട്ടികളിൽ വളർത്തുന്നു

ഗണിതപഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ്
അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക്
കുട്ടിയെ വളർത്തുന്നു

കൃത്യതയോടും സൂക്ഷ്മതയോടുംകൂടി
കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ
പ്രാധാന്യം മനസ്സിലാക്കുന്നതിനും
പര്യാപ്തമാകുന്നു

ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും
പാറ്റേൺ നിർമിക്കുന്നു

കുട്ടികൾ സ്വന്തമായി work sheet കൾ
നിർമിക്കുകയും ക്ലാസ്സിൽ
അവതരിപ്പിക്കകയും ചെയ്യുന്നു

ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം
കടന്നു ചെല്ലാൻ പഠനോപകരണങ്ങൾക്ക്
ഏറെ സാധ്യതയുള്ളതിനാൽ രക്ഷിതാക്കൾ
കുട്ടികൾ, BRC etc തുടങ്ങിയവരുടെ
സഹകരണത്തോടെ ഗണിതലാബ് ഒരുക്കി
ഗണിതപഠനം എളുപ്പമാക്കുന്നു

സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം,
സങ്കലനം,വ്യവകലനം, ഗുണനം,ഹരണം,
പ്രായോഗിക പ്രശ്ന പരിഹരണം
എന്നിങ്ങനെയുള്ള പഠന നേട്ടങ്ങൾ
ലക്ഷ്യമിട്ടുള്ള പ്രവർത്തനത്തിന് മുൻതൂക്കം
നൽകുന്നു

## • പ്രവർത്തന പദ്ധതികൾ :-

ഗണിതത്തോട് ഇഴുകിച്ചേരാൻ മുത്തുകൾ, സ്മൈലി ബോളുകൾ, ബഹുവർണ ടോക്കണുകൾ, ചിത്രകാർഡുകൾ, സങ്കലന വ്യാഖ്യാന കാർഡുകൾ, ഗെയിം ബോർഡുകൾ, ഡൈസുകൾ തുടങ്ങിയ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

സ്ഥാനവിലപോക്കറ്റ് നിർമാണം, ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ, (നിത്യോപയോഗസാധനങ്ങൾ) വർക്ക് ഷീറ്റുകൾ നിർമാണം, (അധ്യാപിക, കുട്ടികൾ), സങ്കലന പട്ടിക പ്രദർശനം, വിലവിവര പട്ടിക പ്രദർശനം, കേക്ക്, പപ്പടം, ലഡു etc നൽകി തുല്യമായി പങ്കുവെക്കൽ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ,

സംഖ്യാകാർഡുകൾ, ആവർത്തനവായന, എഴുത്ത്, അബാക്കസ്, ചിത്ര സഹായത്തോടെയുള്ള പഠനം,

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.) | നൂറുകൂട്ടക്കാം | ◆ സംഖ്യകൾ എഴുതിയ നൂറ് കട്ടകൾ നല്കുന്നു<br>◆ കിട്ടിയ സംഖ്യ വായിക്കാം<br>◆ മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ | ◆ സംഖ്യ നൂറ് എഴുതുന്നു.<br>◆ കിട്ടിയ നൂറിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം | ◆ വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ-സെപ്റ്റംബർ |
| | ക്രമത്തിലാക്കാം | ◆ വ്യത്യസ്ത സംഖ്യകൾ നല്കുന്നു.<br>◆ ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | ജൂൺ - ഓഗസ്റ്റ് |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ◆ ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>◆ കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ജൂൺ |
| | സംഖ്യാസൂര്യൻ | ◆ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>◆ ചുറ്റായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| | ക്രമീകരിക്കാം | ◆ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>◆ അവന്റിന് ഗ്രൂപ്പ് കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | ജൂൺ - സെപ്റ്റംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട / കച്ചവട കണക്ക് | ◆ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, ആദി etc ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>◆ ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>◆ ആവശ്യമുള്ളവ അളന്നെടുക്കുന്നു. | |

| | | | |
|---|---|---|---|
| | | ◆ കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി നടക്കുന്നു.<br>◆ കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ.<br>◆ സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>◆ ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>◆ പ്രയാസങ്ങൾ ഗ്രൂപ്പിൽ/അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| | സമയചക്രം | ◆ ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു. (am &pm )<br>◆ സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു. | ജൂലൈ |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യ ചക്രം | ◆ സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>◆ അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ – മാർച്ച് |
| | ഭാഗ്യവാനെ കണ്ടെത്താം | ◆ അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>◆ വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>◆ ക്രിയ ചെയ്യാം.<br>◆ ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ – ഫെബ്രുവരി |
| | ജോഡി കണ്ടെത്താം | ◆ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>◆ കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു.<br>◆ കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി, ആ കളത്തിൽ ഒട്ടിക്കാം. | ആഗസ്റ്റ് – ഫെബ്രുവരി |

## ഇംഗ്ലീഷ്

കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള തങ്ങളുടെ പദ്ധതികൾ അതിലോചനയുള്ളതാണെന്നറിയാം. പിന്നോക്കമായ സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നു വരുന്ന കുട്ടികൾ ഈ ലക്ഷ്യങ്ങളിൽ സൂചിപ്പിക്കുന്ന പഠന നേട്ടങ്ങൾ നേടുന്നെന്നു ഉറപ്പുവരുത്തുക അത്യധികം ദുഷ്കരമാണ്. അതുകൊണ്ട്, വീട്ടിൽ നിന്നും അധിക പിന്തുണ കിട്ടിയില്ലെങ്കിലും അത് പഠന നേട്ടങ്ങളെ ബാധിക്കാത്ത തരം പ്രവർത്തനങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്. നേറ്റീവ് ഇംഗ്ലീഷിലുള്ള ഓഡിയോ, വീഡിയോ, ലേർണിംഗ് കണ്ടന്റുകളാൽ സമ്പന്നമായ ഒരു ക്ലാസ്സും സാഹചര്യം സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. ഭാഷാപഠനം കൂടുതൽ ഇന്ററാക്ടീവാക്കാൻ ഇതു സഹായിക്കുമെന്നു കരുതുന്നു.

1 മുതൽ 4 വരെയുള്ള പഠിപ്പു സമയത്തിനു പുറമേ ദിവസം ഒരു മണിക്കൂറെങ്കിലും അധിക സമയം ഇന്ററാക്ടീവായ, വിനോദപ്രധാനമായ ക്ലാസുകളിൽ പങ്കാളികളാകുന്നതിലൂടെ മാത്രമേ ഈ മുഴുവൻ നേട്ടങ്ങളും ഉറപ്പുവരുത്താനാകൂ. അതിനാവശ്യമായ പിന്തുണ രക്ഷിതാക്കളിൽ നിന്നും പൂർവ്വവിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും നേടുകയാണ് ഈ വിദ്യാലയത്തിന്റെ മുൻപിലുള്ള വെല്ലുവിളി.

| Sl. No | Programmes | Activities | Duration | Support | Materials |
|---|---|---|---|---|---|
| | ഭാഷാശേഷി വികസിപ്പിക്കൽ (Pre-primary) | പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ കൂടാതെ നേറ്റീവ് ഇംഗ്ലീഷിലുള്ള പാട്ടുകൾ, പെപ്പാ പിഗ് പോലുള്ള യൂട്യൂബ് പ്രോഗ്രാമുകൾ, ബാംബി പോലുള്ള കുട്ടികളുടെ സിനിമകൾ, ടോക്കിംഗ് ഡിക്ഷണറി, വിഷ്വൽ ഡിക്ഷണറി എന്നിങ്ങനെ. | മുഴുവൻ അക്കാദമിക വർഷം | പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വോളണ്ടിയർമാർ | നല്ല ബ്രോഡ്ബാൻഡ് കണക്ഷൻ, ഇ-ബുക്കുകൾ, ശബ്ദസംവിധാനം, ഡിക്ഷണറികൾ എന്നിങ്ങനെ |
| | ഭാഷാശേഷി വികസിപ്പിക്കൽ (Class 1) | പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്കൊപ്പം പ്രീപ്രൈമറിയിലെ ഘടകങ്ങളും ഉപയോഗിക്കൽ. അത്തരം വീഡിയോകളിലെ ചെറുവാചകങ്ങൾ കുട്ടികളെക്കൊണ്ട് പറയിപ്പിക്കൽ, അക്ഷരങ്ങളും | മുഴുവൻ അക്കാദമിക വർഷം | പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വോളണ്ടിയർമാർ | നല്ല ബ്രോഡ്ബാൻഡ് കണക്ഷൻ, ഇ-ബുക്കുകൾ, ശബ്ദസംവിധാനം, ഡിക്ഷണറികൾ എന്നിങ്ങനെ |

| | | | | | |
|---|---|---|---|---|---|
| | | വാക്യങ്ങളും കോപ്പി എഴുതിക്കൽ. വർഷാവസാനത്തോടെ ഏറ്റവും പ്രാഥമികമായ 50-100 വാക്കുകളെങ്കിലും ഉപയോഗിക്കാൻ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. | | | |
| | ഭാഷാശേഷി വികസിപ്പിക്കൽ (Class II) | നേറ്റീവ് ഇംഗ്ലീഷിലുള്ള പാട്ടുകൾ, കഥകൾ, കോമിക്കുകൾ, സിനിമകൾ എന്നിവ. യൂട്യൂബ് പ്രോഗ്രാമുകൾ. ടോക്കിംഗ് ഡിക്ഷണറി, വിഷ്വൽ ഡിക്ഷണറി. ഡിക്ഷണറി ഉപയോഗിക്കാൻ പഠിപ്പിക്കൽ. കോപ്പി എഴുതിക്കൽ. വർഷാവസാനത്തോടെ പ്രാഥമികമായ 200-400 വാക്കുകളും, നാലും അഞ്ചും വാക്കുകളുടെ വാചകങ്ങളും ചെറുവാചകങ്ങളും ആശയവിനിമയത്തിനായി ഉപയോഗിക്കാൻ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. | മുഴുവൻ അക്കാദമിക വർഷം | പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വോളണ്ടിയർമാർ | നല്ല ബ്രോഡ്ബാൻഡ് കണക്ഷൻ, കുട്ടികളുടെ ഇംഗ്ലീഷ് എൻസൈക്ലോപീഡിയ, ഡി.വി.ഡി.കൾ, ഡിക്ഷണറികൾ, പുസ്തകങ്ങൾ, കോമിക്കുകൾ ഇ-ബുക്കുകൾ, ശബ്ദസംവിധാനം, എന്നിങ്ങനെ. |
| | ഭാഷാശേഷി വികസിപ്പിക്കൽ (Class III) | നേറ്റീവ് ഇംഗ്ലീഷിലുള്ള പാട്ടുകൾ, കഥകൾ, കോമിക്കുകൾ, സിനിമകൾ, യൂട്യൂബ് പ്രോഗ്രാമുകൾ എന്നിവക്കു പുറമെ ചെറു വാചകങ്ങൾ ഉപയോഗിക്കുന്ന ലഘുനാടകങ്ങളും സ്കിറ്റുകളും തയ്യാറാക്കലും അവതരിപ്പിക്കലും. | മുഴുവൻ അക്കാദമിക വർഷം | പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വോളണ്ടിയർമാർ | ബ്രോഡ്ബാൻഡ് കണക്ഷൻ, കുട്ടികളുടെ ഇംഗ്ലീഷ് എൻസൈക്ലോപീഡിയ, ഡി.വി.ഡി.കൾ, ഡിക്ഷണറികൾ, പുസ്തകങ്ങൾ, കോമിക്കുകൾ ഇ-ബുക്കുകൾ, ശബ്ദസംവിധാനം, എന്നിങ്ങനെ. |

| | | | | | |
|---|---|---|---|---|---|
| | | ബസ് സ്റ്റോപ്പ്, റെസ്റ്റോറന്റ്, മാർക്കറ്റ്, മൃഗശാല, ആശുപത്രി എന്നിങ്ങനെയുള്ള സാഹചര്യങ്ങളിലെ വാക്കുകളും പ്രയോഗങ്ങളുടെയും സ്കിറ്റുകളുടെ രൂപത്തിലുള്ള അവതരണം. 3 മിനിട്ടെങ്കിലും ദൈർഘ്യമുള്ള ഓഡിയോ ക്ലിപ്പുകൾ കേട്ട് (ബി.ബി.സി. മുതലായവ) വാക്കുകളും വാചകങ്ങളും തിരിച്ചറിയൽ. പദപ്രശ്നങ്ങൾ ഉണ്ടാക്കലും പങ്കുവയ്ക്കലും പരിഹരിക്കലും. ഡയറി എഴുതിക്കൽ. ഡിക്ഷണറിയുടെ ഉപയോഗം വ്യാപകമാക്കൽ. വർഷാവസാനത്തോടെ 800-1000 വാക്കുകളും ചെറു വാചകങ്ങളും ആശയവിനിമയത്തിനായി ഉപയോഗിക്കാൻ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. | | | |
| | ഭാഷാശേഷി വികസിപ്പിക്കൽ (Class IV) | ക്ലാസ് മൂന്നിലെ പ്രവർത്തനങ്ങളിൽ പ്രായത്തിനനുസരിച്ച് കണ്ടന്റിൽ മാറ്റം വരുത്തുന്നു. കോപ്പി എഴുത്ത് തുടരേണ്ട ആവശ്യമുണ്ടാകില്ല. വർഷാവസാനത്തോടെ 1000-1500 വാക്കുകളുടെയും ലഘുവായ വാചകങ്ങളുടെയും സഹായത്തോടെ | മുഴുവൻ അക്കാദമിക വർഷം | പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വോളണ്ടിയർമാർ | ബ്രോഡ്ബാൻഡ്, കുട്ടികളുടെ ഇംഗ്ലീഷ് എൻസൈക്ലോപീഡിയ, ഡി.വി.ഡികൾ, ഡിക്ഷണറികൾ, പുസ്തകങ്ങൾ, കോമിക്കുകൾ ഇ-ബുക്കുകൾ, ശബ്ദസംവിധാനം, എന്നിങ്ങനെ. |

| | | | | | |
|---|---|---|---|---|---|
| | | ആശയവിനിമയം ചെയ്യാൻ പ്രാപ്തി കൈവരിക്കലാണ് ലക്ഷ്യം. ഈ ഘട്ടത്തോടെ സ്വന്തം നിലക്കു വായിക്കാനും പുതിയ വാക്കുകളുടെയും ശൈലികളുടെയും അർത്ഥം സ്വയം തിരഞ്ഞു കണ്ടെത്താനും ആശ്രയിക്കാൻ പറ്റുന്ന മികച്ച റെഫറൻസുകൾ ഏതൊക്കെയെന്നു മനസ്സിലാക്കാനും കഴിഞ്ഞിരിക്കും | | | |
| | ക്ലാസ് ടീച്ചർ/ സിറ്റു സഹായം എത്തിക്കൽ | ഇംഗ്ലീഷ് ഭാഷാപഠനത്തിലെ മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ ടീച്ചറാവും ഇംഗ്ലീഷ്-നിരക്ഷരരായ രക്ഷിതാക്കളുടെ സഹായത്തോടെ നേടാൻ കഴിയില്ല. ഈ പ്ലാനിൽ അവതരിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി ഒരു ടീച്ചറും സഹായിക്കാനായി ഇടക്കിടെയെങ്കിലും എത്തുന്ന ചില വോളണ്ടിയർമാരും ആവശ്യമാണ്. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ. | മുഴുവൻ അക്കാദമിക വർഷം | പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വോളണ്ടിയർമാർ | |

| LEARNIGOUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
| --- | --- | --- | --- |
| • Describes the pictures | Picture Description. | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | June to august |
| • Arranges word in alphabetical order | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July to march |
| • "Adds more exchanges to the Conversation suitable to the context" | Conversation | • Reading the conversation.<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | July to march |
| • Identifies rhyming words from the poem | Rhyming words. | • Plays the audio of song.<br>• Let the learner sing after the audio.<br>• Discussion.<br>• Identifies rhyming words. | July to September |

| | | | |
|---|---|---|---|
| • Adds lines to a poem following a set pattern. | Add more lines. | • Plays the audio of song.<br>• Let the learner sing after the audio.<br>• Adds lines to the poem | July to December |
| • Reads and understands the given stories and poems | Let'sread. | • Provides the opportunity to read simple stories and poems.<br>• They tell the story they read. | December to march |
| • Makes simple riddles | Riddles. | • Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>**Slow learners.**<br>Gives opportunity to express their idea in Malayalam. | August to march |
| • Undertakes simple project work given | Projectworks. | • Gives instructions.<br>• Data collection.<br>• Codifying. | October to march |

# പരിസര പഠനം

ലക്ഷ്യം :-

ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥാ സംരക്ഷണം.

പ്രവർത്തനങ്ങൾ .

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
  - പൂന്തോട്ടം ഒരുക്കാം
  - ഒരു തൈ നടാം
- കൃഷിയുടെ പ്രാധാന്യം തിരിച്ചറിയുക
- ഫീൽഡ് ട്രിപ്പ്
- പരീക്ഷണങ്ങൾ
- ദിനാചരണങ്ങൾ

## പ്രവർത്തന പദ്ധതികൾ

- ചുറ്റുപാടുമുള്ള ജിവജാലങ്ങളെ നിരീക്ഷിക്കാം.
- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം
- പ്രകൃതിക്ക് ഭീഷണിയാവുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.
- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.
- പരിസ്ഥിത ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈനടീൽ.
- പരിസ്ഥിതി അടുത്തറിയാനായി ഫീഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.
- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

# പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതി നടത്തം | ❖ ചുറ്റുപാടുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>❖ പ്രത്യേകതകൾ മനസ്സിലാക്കാം<br>❖ വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>❖ ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>❖ നമുക്ക് ചുറ്റുപാടുള്ള മലിനീകരണ പ്രശ്നം അന്വേഷിച്ചറിയാം, സ്വയം തിരുത്താം.<br>❖ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.<br>❖ തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | ❖ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>❖ വീട്ടിൽ പൂന്തോട്ടം ഒരുക്കാം. | ജൂൺ - മാർച്ച് |
| | ഒരു തൈ നടാം | ❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടൽ<br>❖ നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ - മാർച്ച് |
| | പോസ്റ്റർ നിർമ്മാണം | ❖ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>❖ പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | ❖ പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് –മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. | ദിനകൃത്യങ്ങൾ | ❖ ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>❖ കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നല്കുന്നു. | ജൂൺ - മാർച്ച് |
| | നമ്പർ വൺ | ❖ ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>❖ വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നല്കുന്നു. | ജൂലൈ – മാർച്ച് |

| | | | |
|---|---|---|---|
| | പരിസര നടത്തം | ❖ നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>❖ മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>❖ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| | നല്ല ശീലം | ❖ പോസ്റ്ററുകൾ തയ്യാറാക്കാം<br>❖ പരിസരങ്ങളിൽ പതിക്കാം | ജൂലൈ – മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | ❖ നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാട്, etc ) | ജനുവരി – മാർച്ച് |
| | പരീക്ഷണങ്ങൾ | ❖ ശാസ്ത്ര കൌതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | ❖ ക്യാമ്പ്<br>❖ മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ - ഫെബ്രുവരി |
| | | ❖ ക്യാമ്പ് | ജനുവരി – മാർച്ച് |